(എ) സംസ്ഥാനത്തെ ആദിവാസി വൈദ്യൻമാരുടെ വൈദ്യജ്ഞാനവും അവരുടേതായ മരുന്നുകളും സംരക്ഷിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) വിദേശികളും ആദിവാസികളുമായി സഹവസിച്ച് അവരുടെ വൈദ്യവിജ്ഞാനം പുറംനാടുകളിലേക്ക് കടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു തടയുവാൻ നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) ആദിവാസി വൈദ്യൻമാരുടെ അറിവുകളും ശേഖരിക്കുന്നതിനും അവ ഡിജിറ്റലൈസ് ചെയ്ത് ഡേറ്റാ ബേസ് ഉണ്ടാക്കി സൂക്ഷിക്കുന്നതിനും അവയുടെ ഉടമസ്ഥാവകാശം അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിനും പാലോട് ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡന്റെ ആഭിമുഖ്യത്തിൽ പദ്ധതി നടപ്പാക്കി വരുന്നു. ഇതോടൊപ്പം ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന "പോറൻ" സെല്ലിൽ പൗരാണിക ചികിത്സാ വിജ്ഞാനങ്ങളും ശേഖരിച്ച് സംരക്ഷിക്കാനുമുള്ള പ്രവർത്തനം നടന്നുവരുന്നുണ്ട്.

കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ ആദിവാസി വൈദ്യൻമാരുടെ വൈദ്യ വിജ്ഞാനവും മരുന്നുകളും സംരക്ഷിക്കുവാൻ ശിൽപ്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്. വംശീയ വൈദ്യത്തിൽ പട്ടികവർഗ്ഗ യുവാക്കൾക്കായി 4 വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ഏർപ്പെടുത്തുകയും ഇത് വിജയകരമായി പൂർത്തിയാക്കിയ 3 യുവാക്കൾക്ക് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.

കൂടാതെ വംശീയവൈദ്യൻമാർക്ക് പച്ചമരുന്നുകൾ വച്ചുപിടിപ്പിക്കുന്നതിനും ഔഷധ നിർമ്മാണത്തിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഇതിനു പുറമേ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 4 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. ഇതിൽ അമ്പതു ശതമാനം ഗ്രാന്റാണ്. ജനങ്ങളിൽ വംശീയ വൈദ്യം സംബന്ധിച്ച അവബോധം വളർത്തുന്നതിനായിട്ടുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി ആന്റ് സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കിർത്താഡ്സ് സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽ പാരമ്പര്യ അറിവ് ചൂഷണം ചെയ്യപ്പെടാതിരിക്കുന്നതിനുള്ള മുൻകരുതലുകളും സ്വീകരിക്കുന്നുണ്ട്.

എസ്. എസ്. എ. സ്കീമനുസരിച്ച് അദ്ധ്യാപക പരിശീലനം

[338] ശ്രീ. കെ. മോഹൻകുമാർ:
,, എം. എം. ഹസ്സൻ:
,, ഒ. എ. ചന്ദൻ:
,, കെ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) എസ്. എസ്. എ. സ്കീമനുസരിച്ച് അദ്ധ്യാപക പരിശീലനം നടത്തുന്നത് എപ്പോഴാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവധിക്കാലത്ത് അദ്ധ്യാപക പരിശീലനം നടത്തുന്നപക്ഷം കുട്ടികൾക്ക് ക്ലാസ് നഷ്ടമാകാതെ അദ്ധ്യാപനം നടത്തുവാൻ കഴിയും എന്ന് കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ അദ്ധ്യാപക പരിശീലനം അവധിക്കാലത്ത് നടത്താൻ നടപടിയെടുക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) വേനൽക്കാല അവധി സമയത്തും സ്കൂൾ തുറന്നതിനുശേഷവുമാണ് പരിശീലനം നടത്തുന്നത്.

(ബി ആൻറ് സി) അവധിക്കാലത്ത് അദ്ധ്യാപക പരിശീലനം നടത്തി കുട്ടികൾക്ക് ക്ലാസ് നഷ്ടമാകാതെ അദ്ധ്യാപനം നടത്താൻ കഴിയുന്നവിധം പരിശീലന പ്രോഗ്രാം ആസൂത്രണം ചെയ്യുന്നുണ്ട്.

മെയിൻറനൻസ് മാനേജ്മെൻറ് യൂണിറ്റിൻെറ പ്രവർത്തനം

*6 [339] ശ്രീ. രാജു എബ്രഹാം:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ മെയിൻറനൻസ് മാനേജ്മെൻറ് യൂണിറ്റിൻെറ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ യൂണിറ്റിൻെറ ചുമതലകളും കർത്തവ്യങ്ങളും എന്തെല്ലാമെന്നു വിശദീകരിക്കാമോ;

(ബി) റോഡുകളുടെ മെയിൻറനൻസ് ഫണ്ടിൻെറ ലഭ്യതയനുസരിച്ച് മുൻഗണന അടിസ്ഥാനത്തിൽ പണി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) 'പെർഫോർമൻസ് ബേസ്ഡ് മെയിൻറനൻസ്' എന്ന സമ്പ്രദായം പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണ് ഇതിൻെറ ഉദ്ദേശലക്ഷ്യങ്ങൾ എന്ന് വ്യക്തമാക്കാമോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) റോഡുകളുടെ മെയിൻറനൻസ് മാനേജ്മെൻറ് യൂണിറ്റിൻെറ പ്രവർത്തനം പൂർണ്ണതോതിൽ ഇതുവരെ ആരംഭിച്ചിട്ടില്ല. ഇതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. നിലവിലുള്ള - റോഡ് മാപ്പുകളുടേയും ഉപഗ്രഹ ചിത്രങ്ങളുടെയും സഹായത്തോടുകൂടി ജി. ഐ. എസ് സിലധിഷ്ഠിതമായ, എല്ലാ റോഡുകളുടെയും വിശദമായ വിവരങ്ങൾ അടങ്ങിയ കമ്പ്യൂട്ടർ സിസ്റ്റം ഉണ്ടാക്കിവരുന്നു. ഇതിനെ ആസ്പദമാക്കി കമ്പ്യൂട്ടർ സോഫ്റ്റ്വെയർ എച്ച്. ഡി എം. 4 ഉപയോഗിച്ച് റോഡുകളുടെ മെയിൻറനൻസിൻെറ മുൻഗണന നിശ്ചയിച്ച് പണി നടത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളും, റോഡ് മെയിൻറനൻസിൻെറ കേരളം മൊത്തമായുള്ള ആസൂത്രണവും, ജി. ഐ. എസ്. സിസ്റ്റത്തിലേയ്ക്കായി റോഡുകളുടെ അവസ്ഥയെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ശേഖരിക്കുകയുമാണ് ഈ യൂണിറ്റിൻെറ ചുമതലകളായി ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly